## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2810

14.12.2015-ലെ മറുപടിക്ക്

### ടൂറിസം രംഗത്തെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം രംഗത്തെ നേട്ടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസത്തിന്റെ സാദ്ധ്യതകൾ പരിഗണിച്ച് പ്രസ്തുത മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(എ) യും (ബി) യും: വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

(സി) ഗ്രാമീണ ടൂറിസം ശക്തിപ്പെടുത്തുന്നതിന് കൂടുതൽ നടപടികൾ ഉണ്ടാകുമോ;

(സി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാൻ ഉതകും വിധവും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുവാൻ സഹായിക്കും വിധവും ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ പാരിസ്ഥിതിക, സാംസ്കാരിക, പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ

ഭാഗമായി നടപ്പാക്കി വരുന്നു. 2007-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, ബേക്കൽ, കോവളം, കുമ്പളങ്ങി എന്നിവിടങ്ങളിലാണ് നടപ്പാക്കി വരുന്നത്. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിനായി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരെഞ്ഞെടുത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രാദേശികമായി ടൂറിസം സോണുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; | (ഡി) | ഇക്കാര്യം സംബന്ധിച്ച സാദ്ധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. |
| (ഇ) | ടൂറിസം മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ, ഡി.റ്റി.പി.സി, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി തുടങ്ങിയവയുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നു. ജലാശയങ്ങളുമായി ബന്ധപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ വിനോദസഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളിലെ തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി പരീക്ഷണാർത്ഥത്തിൽ കോവളത്ത് ഒരു പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

Anuradha

**സെക്ഷൻ ഓഫീസർ**

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്